(ബി) കായിക്കര കടവ് പാലം പണിയുന്നതിന് നടപ്പു സാമ്പത്തിക വർഷ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു ;

(സി) ഈ പാലത്തിന്റെ പണി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റെഫ്കോസ്റ്റ് എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(ബി) 2 ലക്ഷം രൂപ.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

മേപ്പാടി - നിലമ്പൂർ റോഡ്

135 (738) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയും മലപ്പുറം ജില്ലയും തമ്മിൽ ബന്ധിപ്പിക്കുന്ന മേപ്പാടി നിലമ്പൂർ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ റോഡിന്റെ നിർമ്മാണത്തിന് ഏതൊക്കെ വർഷങ്ങളിൽ എത്ര രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല.

(സി) റോഡ് 7 കിലോമീറ്റർ വനത്തിൽ കൂടി കടന്നു പോകുന്നതിനാൽ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ് അതിനുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷമേ തീരുമാനിക്കാനാകൂ.

നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി

136 (740) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡത്തിലെ റോഡുകളുടെ ശോസനീയാവസ്ഥ പരിഹരിക്കുവാൻ ഡിസംബർ 9-ന് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ കൂടിയ യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് ;

(ബി) ഈ തീരുമാനങ്ങളിൽ ഏതൊക്കെ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) പണിപൂർത്തിയാകാത്ത റോഡുകളുടെ പണി ഈ മാസം 28-ന് മുമ്പ് തന്നെ പൂർത്തികരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly